പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 348 | | 28.06.2011-ൽ മറുപടിയ്ക്ക് |
|---|---|---|
| അംഗൻവാടികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.പി. തിലോത്തമൻ | | ഡോ. എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; | (എ) 109 മിനി അംഗൻവാടികൾ ഉൾപ്പെടെ 33044 അംഗൻവാടികൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇവയിൽ എത്രയെണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്ന് അറിയിക്കുമോ; | (ബി) 18253 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | അംഗൻവാടികളുടെ നിലവിലുള്ള അവസ്ഥ മെച്ചപ്പെടുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) അംഗൻവാടികളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നത് അതാത് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. |
| (ഡി) | സ്വന്തമായി കെട്ടിടവും സ്ഥലവുമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (ഡി) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആകയാൽ അവയ്ക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്. |

| | | |
|---|---|---|
| (ഇ) | അംഗൻവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും അവർക്ക് നിലവിൽ ലഭിക്കുന്ന വേതനവും അലവൻസുകളും വർദ്ധിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഐസിഡിഎസ് ട്രെയിനിംഗ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 13 അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ മുഖേന അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകിവരുന്നു. അംഗൻവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ഓണറേറിയം വർദ്ധിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| (ഇ) | അംഗൻവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും അവർക്ക് നിലവിൽ ലഭിക്കുന്ന വേതനവും അലവൻസുകളും വർദ്ധിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഐസിഡിഎസ് ട്രെയിനിംഗ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 13 അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ മുഖേന അംഗൻവാടി വർക്കർ/ഹെൽപ്പർ മാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകിവരുന്നു. അംഗൻവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ഓണറേറിയം വർദ്ധിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ